# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2955** **20.12.2012 ൽ മറുപടിക്ക്**

**<u>അക്ഷര ലക്ഷം പദ്ധതി</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അക്ഷര ലക്ഷം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | അക്ഷര ലക്ഷം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപറയുന്നവയാണ്.<br>1. ഒരു ലക്ഷം പേരെ സാക്ഷരരാക്കുക<br>2. നിരക്ഷരരുടെ എണ്ണം കുറവുള്ള പഞ്ചായത്തുകളെ പരിപൂർണ്ണ സാക്ഷരതയിലെത്തിക്കുക.<br>3. ഘട്ടം ഘട്ടമായി നിരക്ഷരരില്ലാത്ത കേരളം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുക.<br>4. എല്ലാ പൗരൻമാർക്കും തുടർ പഠനത്തിന് അവസരമൊരുക്കുക.<br>5. സംസ്ഥാന ശരാശരിയിൽ പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ കൂടുതൽ പേരെ പരീക്ഷയ്ക്കിരുത്തുക. |
| (ബി) | ഏതെല്ലാം ഏജൻസികളുടെ ആഭിമുഖ്യത്തിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സാക്ഷരതാ മിഷൻ നേരിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലെ നിരക്ഷരരുടെ എണ്ണം കൂടുതലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ സാക്ഷരതാ മിഷൻ പ്രേരക്മാർ സർവ്വെ നടത്തി കണ്ടെത്തിയ പഠിതാക്കളെയാണ് ഈ പദ്ധതിയിലൂടെ സാക്ഷരരാക്കുന്നത്. |
| (സി) | സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൽ നിന്ന് എന്തെല്ലാം വ്യത്യസ്തതകളാണ് ഈ പദ്ധതിക്കുള്ളത്; | (സി) | കേരള സാക്ഷരതാ മിഷൻ 1991 ന് ശേഷം അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് നടത്താൻ പോകുന്ന ആദ്യത്തെ സാക്ഷരതാ കാമ്പയിനാണ് |

'അക്ഷരലക്ഷം'. ഒരു ലക്ഷം നിരക്ഷരർക്ക് അക്ഷരജ്ഞാനം പകർന്നു നൽകി പരീക്ഷയ്ക്കിരുത്തി വിജയിപ്പിച്ച് സർട്ടിഫിക്കറ്റ് നൽകുന്ന ഒരു ജനക്ഷേമ പദ്ധതിയാണ് ഇത്. 2011 ലെ സെൻസസ് പ്രകാരം സമ്പൂർണ്ണ സാക്ഷരതയോ സംസ്ഥാന ശരാശരിയോ കൈവരിച്ചിട്ടില്ലാത്ത കാസർഗോഡ്, വയനാട്, പാലക്കാട് എന്നീ ജില്ലകളിലെ നിരക്ഷരരായവരെ ഈ പദ്ധതിയിലൂടെ സാക്ഷരരാക്കുവാനും വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നിരക്ഷരർ ഏറെയുള്ള പ്രദേശങ്ങളിൽ പ്രത്യേകം ക്ലാസ്സുകൾ ആരംഭിച്ച് നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുവാനും കഴിഞ്ഞ 12 വർഷക്കാലമായി വികസന തുടർവിദ്യാകേന്ദ്രങ്ങൾ വഴി സാക്ഷരരാക്കിയ നിരവധി പഠിതാക്കൾക്ക് ഓറിയന്റേഷൻ നൽകി മറന്നുപോയ അക്ഷരങ്ങളും അക്കങ്ങളും അവരെ പരീക്ഷയ്ക്കിരുത്തി നവസാക്ഷരരാക്കുകയും ചെയ്യുകയാണ് ലക്ഷ്യം.

(ഡി) ആദിവാസി - തീരദേശ മേഖലകളിലും ചേരിപ്രദേശങ്ങളിലും പദ്ധതിക്ക് ഊന്നൽ നൽകുന്ന കാര്യം പരിഗണിയ്ക്കുമോ?

(ഡി) ആദിവാസി - തീരദേശ മേഖലകളിലും ചേരിപ്രദേശങ്ങളിലും നിരക്ഷരരുടെ എണ്ണം കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ഈ പ്രദേശങ്ങളെയും പദ്ധതിയിലുൾപ്പെടുത്തി മുഴുവൻ നിരക്ഷരരെയും സാക്ഷരരാക്കുവാൻ ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ